# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 401 — 20-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഡി.കെ.മുരളി**<br>**ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ.കെ.വി.അബ്ദുൽ ഖാദർ**<br>**ശ്രീ.എസ്.രാജേന്ദ്രൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | നഗരപ്രദേശങ്ങളിൽ നടത്തിവരുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; ഈ സാമ്പത്തിക വർഷം ഇതുവരെ സൃഷ്ടിക്കാനായ തൊഴിൽ ദിനങ്ങൾ എത്രയെന്ന് അറിയിക്കാമോ; | (എ) | നഗരകാര്യ വകുപ്പ് മുഖേന നടത്തിവരുന്ന പദ്ധതി അവലോകന യോഗത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക അജണ്ടയിൽ ഉൾപ്പെടുത്തി എല്ലാ മാസവും പുരോഗതി അവലോകനം നടത്തിവരുന്നു. കൂടാതെ അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിക്കു വേണ്ടിയുള്ള സംസ്ഥാന തൊഴിലുറപ്പ കൗൺസിൽ യോഗത്തിലും അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതിയുടെ പുരോഗതി അവലോകനം നടത്തി വരുന്നു. 2017-18 സാമ്പത്തിക വർഷം അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിയിൻ കീഴിൽ 15/03/2018 വരെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി ആകെ – 7,19,941 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി ഏതെങ്കിലും തരത്തിലുള്ള കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; പദ്ധതി നടത്തിപ്പിന്റെ ഏജൻസിയും നടത്തിപ്പ് രീതിയും അറിയിക്കാമോ; | (ബി) | ലഭിക്കുന്നില്ല. അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതി നടത്തിപ്പിനായി ഏജൻസികളെ നിയോഗിച്ചിട്ടില്ല. പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ചുമതല നഗരകാര്യ ഡയറക്ടർക്കാണ്.<br>വാർഡ് സഭകൾ കൂടി ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികൾ വിശകലനം ചെയ്ത് ശുപാർശകളുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിക്കു വേണ്ടിയുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കി നഗരസഭാ കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം പ്രസ്തുത ലേബർ ബഡ്ജറ്റുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു സമർപ്പിക്കുകയും അംഗീകാരം |

| | | | |
|---|---|---|---|
| | | | ലഭിച്ചതിനു ശേഷം മേഖലാ ജോയിന്റ് ഡയറക്ടർമാർ സൂക്ഷ്മ പരിശോധന നടത്തി നഗരകാര്യ ഡയറക്ടർക്ക് ശുപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള തുക നഗരസഭകൾക്ക് അനുവദിച്ചു വരുന്നതാണ് നടത്തിപ്പ് രീതി. |
| (സി) | ഈ പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; കിണർ റീചാർജ്ജിംഗ്, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം, ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഫലപ്രദമായി ഏറ്റെടുത്ത് നടത്താൻ സാദ്ധ്യമായിട്ടുണ്ടോ? | (സി) | പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.<br>1. അടിയണകൾ, മൺതടയണകൾ, സ്റ്റോപ്പ്ഡാം (അണകൾ), ചെക്ക് ഡാമുകൾ, കിണർ റീചാർജ്ജിംഗ്, ഗള്ളിപ്ലഗ്ഗിംഗ്, ബ്രഷ് വുഡ് തടയണ, ഗാബിയോൺ തടയണ, കല്ലുകൊണ്ട് തടയണ, മഴക്കുഴി, ജലാഗിരണ ട്രഞ്ച് , കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ മൺബണ്ട്, കല്ല്കയ്യാല, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കുളങ്ങളുടെ പുനരുദ്ധാരണം, റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ.<br>2. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളുടെ ഭാഗമായി തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ, കനാൽവശ ഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ.<br>3. വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവൽക്കരണ പ്രവൃത്തികളും.<br>4. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിള കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ. പൊതു-സ്വകാര്യ ഭൂമിയിലെ ഭൂവികസന പ്രവൃത്തികളുടെ ഭാഗമായി തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ കംമ്പോസ്റ്റ് കുഴികൾ, സ്റ്റോപ് കംമ്പോസ്റ്റ്, വെർമി കംമ്പോസ്റ്റ്, മണ്ണിര കംമ്പോസ്റ്റിംഗ്, അസോള കൃഷി എന്നിവ നടപ്പാക്കൽ |

| | | | |
|---|---|---|---|
| | | | 5. ഇന്ദിരാ ആവാസ് യോജന പ്രകാരമോ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന മറ്റ് ഭവനനിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കാവുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉത്പ്പാദനവും.<br>6. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം.<br>7. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ.<br>8. സർക്കാർ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ ശേഖരണവും സംസ്കരണവും.<br>9. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ഇല്ലാതാക്കുന്നതിനുവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ് ലറ്റുകൾ, അങ്കണവാടി ടോയ് ലറ്റുകൾ എന്നിവയുടെ നിർമ്മാണം.<br>10. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികളായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടിയുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ , സംരക്ഷണത്തിനുള്ള സ്റ്റോംവാട്ടർ ഡ്രെയിനേജുകൾ, റോഡുകളുടെ പുനരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തു ന്നതിനുള്ള പ്രവൃത്തികൾ.<br>11. വനിത സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടികേന്ദ്രങ്ങൾ, പൊതുചന്തകൾ, എഡിഎസ്/സിഡിഎസ് എന്നിവയ്ക്കുള്ള കെട്ടിടം, കാർഷികോത്പ്പാദന സംഭരണ കേന്ദ്രം, സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം, ശ്മശാന നിർമ്മാണം, |

| | | | |
|---|---|---|---|
| | | | നിലവിലെ നഗരസഭാ കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ.<br>12. അയ്യങ്കാളി നഗരതൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ.<br>13. കൂടാതെ സംസ്ഥാന സർക്കാറുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്.<br>കിണർ റീചാർജ്ജിംഗ് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനു വേണ്ടി നഗരസഭകളിൽ ജോലി നോക്കി വരുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് തൃശ്ശൂർ കിലയിൽ വച്ച് 2018 ഫെബ്രുവരി 8, 9 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിയുമായി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഏകോപിപ്പിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനു വേണ്ടിയുള്ള മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഹരിത കേരളം പദ്ധതിയിലെ ഏറ്റെടുക്കാവുന്ന പ്രവൃത്തികളെയും ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ ലേബർ ബഡ്ജറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ് |

**സെക്ഷൻ ഓഫീസർ**